കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.19-37/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി- 04-02-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.പി.കെ.ഡി.19-37/2020 തിയതി : 04-02-2020

## പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.9.18 മുതൽ 17.12.19 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ |
| | ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.12.2019 മുതൽ 28.12.2019 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കൃഷ്ണദാസ്.എൻ.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ജയശ്രീ.കെ | 1.4.18മുതൽ 31.3.19വരെ |
| സെക്രട്ടറി | : | ശ്രീ. ഗിരീഷ്.ഇ.വി. | 1.4.18മുതൽ 14-4-2018 വരെ<br>2-5-2018 മുതൽ 17-12-2018 വരെ<br>1-1-2019 മുതൽ 13-3-2019 വരെ |
| | | ശ്രീ.ശശികുമാർ.കെ. അസി.സെക്രട്ടറി (ഇൻ ചാർജ്) | 15-4-2018 മുതൽ 1-5-2018 വരെ<br>18-12-2018 മുതൽ 31-12-2018 വരെ<br>14-3-2019 മുതൽ 31-3-2019 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.സേതു.എസ്. | 01-04-2018 മുതൽ 10-7-2018FN വരെ |
| | ശ്രീമതി.ഷമിത.പി. | 10-7-2018AN മുതൽ 31-3-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | ശ്രീ.പ്രമോദ് | 01-04-2018 മുതൽ 31-3-2019 വരെ |
| | | |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | ശ്രീമതി.ശ്രീജ | 01-04-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശബ്ന.ടി.എച്ച് | 01-04-2018 മുതൽ 2-7-2018 വരെ |
| | ഡോ.അഷ്ന സി.മാനുവൽ | 3-7-2018 മുതൽ 11-9-2018 വരെ |
| | ഡോ.ഷീജ പണ്ടകലത്ത് | 12-9-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സൗമിമോൾ.പി.എം. | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അലികുട്ടി വി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശ്രീതു.പി.പ്രേമൻ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ആഗ്നസ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്ടൻഷൻ ഓഫീസർ | ശ്രീമതി.പ്രിൻസി | 01-04-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക കണക്കുകകളിലെ അപാകതകൾ | 1-9 |
| 10 | രശീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം | 1-10 |
| 11 | വസ്തു കൈമാറ്റത്തിന് നിയമപരമല്ലാതെ തുക ഈടാക്കുന്നു | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 13 | പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ | 1-13 |
| 14 | ഡാറ്റാ പ്യൂരിഫിക്കേഷനശേഷവും അപാകതകൾ നിലനിൽക്കുന്നതിനാൽ- റവന്യൂ നഷ്ടം തുടരുന്നു | 1-14 |
| 15 | ഖാദി ബോർഡ്- നിർമ്മാണ യൂണിറ്റ്, വിപണനകേന്ദ്രം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-15 |
| 16 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായുള്ള വനിതാ കാന്റീൻ- വാടക നിശ്ചയിച്ചിട്ടില്ല, ഈടാക്കുന്നില്ല. | 1-16 |
| 17 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 18 | കെട്ടിട നിർമ്മാണ അനുമതി നൽകൽ- അനുവദനീയമായ കവറേജ് പരിധി ലംഘിച്ചിട്ടും നിർമ്മാണാനുമതി നൽകി. | 1-18 |
| 19 | അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണവും, വസ്തു നികുതി നിർണ്ണയവും നികുതി ചുമത്തലും-അപാകതകൾ | 1-19 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 1-20 |
| | | |

| | | |
|---|---|---|
| 21 | ലൈഫ് ഭവന പദ്ധതി. | 1-21 |
| 22 | ബ്ലോക്ക് വിഹിതം ചെലവഴിച്ചിട്ടില്ല | 1-22 |
| 23 | അംഗീകാരം ലഭ്യമായ പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ പദ്ധതി ഫണ്ടിനത്തിൽ നഷ്ടം | 1-23 |
| 24 | ഖാദി ബോർഡിൽ സാമൂഹിക ശൗചാലയം -അപാകതകൾ | 1-24 |
| 25 | മാങ്ങോട് -മാരിയമ്മൻ കോവിൽ റോഡ് പുനരുദ്ധാരണം-അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-25 |
| 26 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-26 |
| 27 | മാലിന്യ സംസ്കരണ കേന്ദ്രം നിർമ്മാണം - പദ്ധതി പൂർത്തിയാക്കേണ്ടതാണ് | 1-27 |
| 28 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം പ്ലാൻഫണ്ടിൽ നിന്നും നൽകി | 1-28 |
| 29 | കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ് | 1-29 |
| 30 | വൃദ്ധർക്ക് കട്ടിൽ - വിതരണം പൂർത്തിയാക്കിയിട്ടില്ല | 1-30 |
| 31 | എസ്.സി.യു.പി.വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങി നൽകൽ- അപാകതകൾ | 1-31 |
| 32 | ഗ്യാസ് ക്രിമറ്റോറിയം- ബാലൻസ് തുക തിരിച്ചടക്കേണ്ടതാണ് | 1-32 |
| 33 | മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന് പ്രിന്റർ വാങ്ങിയത് ക്രമപ്രകാരമല്ല | 1-33 |
| 34 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കേണ്ടതാണ്. | 1-34 |
| 35 | കേന്ദ്ര ഫണ്ടുകൾ ചെലവഴിച്ചിട്ടില്ല | 1-35 |
| 36 | നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതനം നൽകി | 1-36 |
| 37 | യമുന നഗർ മിനി കുടിവെള്ള പദ്ധതിയുടെ വെള്ളക്കരം -10 ലക്ഷം രൂപ കുടിശ്ശിക. | 1-37 |
| 38 | തെരുവ് വിളക്കുകളുടെ പരിപാലനം | 1-38 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 20.5.2019 | --- | --- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹. 7691497.00 |
| വരവ് | ₹. 125446464.00 |
| ആകെ | ₹. 133137961.00 |
| ചെലവ് | ₹. 120137840.00 |
| നീക്കിയിരിപ്പ് | ₹. 13000121.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ * | 0 | 19153536 | 19153536 | 16758758 | 2394778 |
| വികസന ഫണ്ട്- | 0 | 15634000 | 15634000 | 8048337 | 7585663 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി * | | | | | | |
| വികസന ഫണ്ട് –<br>ടി.എസ്.പി. | | | 662000 | 662000 | 414095 | 247905 |
| മെയിന്റനൻസ്,<br>റോഡ്<br>(ACR പ്രകാരം) | | 0 | 21527000 | 21527000 | 14259611 | 7267389 |
| മെയിന്റനൻസ്,<br>നോൺ-റോഡ്<br>(ACR പ്രകാരം) | | 0 | 3847000 | 3847000 | 2838236 | 1008764 |
| സെൻട്രൽ<br>ഫിനാൻസ്<br>കമ്മീഷൻ<br>ഗ്രാന്റ് * | | 0 | 10970093 | 10970093 | 4253725 | 6716368 |
| കെ.എൽ.എസ്<br>.ജി.ഡി.പി<br>(ACR പ്രകാരം) | | | 0 | 0 | 0 | 0 |
| എം.ജി.<br>എൻ.<br>ആർ.ഇ<br>ജി.എസ്* | തൊഴി<br>ലാളി<br>കളുടെ<br>കൂലി | 2080 | 45681778 | 46565429 | 45681778 | 2623 |
| | അഡ്മിനി<br>സ്ട്രേറ്റീവ് ചെലവ് | | 881571 | | 881028 | |
| കേന്ദ്രാ<br>വിഷ്കൃത<br>ഫണ്ടു<br>കൾ - | ICDS<br><br>പട്ടഞ്ചേരി<br>സർവീസ്<br>കോ.ബാങ്ക് | 2387070 | 546213 | 2933283 | 1515225 | 1418058 |
| | TSC<br>പട്ടഞ്ചേരി<br>സർവീസ്<br>കോ.ബാങ്ക് | 0 | 1200000 | 1200000 | 0 | 1200000 |
| സംസ്ഥാ<br>നാ<br>വിഷ്കൃത<br>ഫണ്ടു<br>കൾ - | TSC<br><br>പട്ടഞ്ചേരി<br>സർവീസ്<br>കോ.ബാങ്ക് | 0 | 866786 | 866786 | 0 | 866786 |
| ജോയിന്റ്<br>വെഞ്ചർ<br>അക്കൗണ്ട് | ബ്ലോക്ക് പഞ്ചാ<br>യത്ത് | 2470652 | 4435121 | 6905773 | 5459768 | 1446005 |
| | ജില്ലാ പഞ്ചാ<br>യത്ത് | 25237 | 5482253 | 5507490 | 5464500 | 42990 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 2061360 | 2061360 | 2061360 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI, Chittur | 552379 | 65343308 | 65895687 | 64460182 | 1435535 |
| | പട്ടഞ്ചേരി സർവീസ് കോ.ബാങ്ക് | 4127534 | 5218390 | 9345924 | 6201199 | 3144725 |
| | പട്ടഞ്ചേരി സർവീസ് കോ.ബാങ്ക് 4862 | 16743 | 303419 | 320162 | 302686 | 17476 |
| | ട്രഷറി അക്കൗണ്ട് | 574863 | 21962161 | 22537024 | 18221932 | 4315092 |

**കുറിപ്പ് :-** ജോയിന്റ് വെഞ്ചർ അക്കൗണ്ട് തുക വാർഷിക കണക്കിൽ കൃത്യമല്ല. രജിസ്റ്റർ പ്രകാരമുള്ള തുകയാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 144189586 | 113 | 81286642 | --- | 102 | 52.59 |

<u>ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 20130575 | 10452500 | 51.92 |
| വി.ഇ.ഒ I | 14 | 6 | 41042685 | 31840942 | 75.14 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ.II | 4 | 4 | 4870000 | 1270000 | 26.08 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4 | 7086233 | 4385096 | 61.88 |
| സെക്രട്ടറി | 31 | 21 | 13425807 | 9949087 | 74.10 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 150 | 70 | 53394286 | 20653121 | 38.68 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 600000 | 565396 | 94.23 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 0 | 0 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 2640000 | 1270500 | 48.13 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 400000 | 80 |
| ആകെ | 215 | 113 | 144189586 | 80786642 | 56.03 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18360 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 8512400 | 652 |
| വിധവാപെൻഷൻ | 15149700 | 1258 |
| വാർദ്ധക്യകാലപെൻഷൻ | 23006500 | 1926 |
| വികലാംഗപെൻഷൻ | 3115600 | 261 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർ | 1159200 | 93 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹. 21032/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11-12-2018 | 11/2019 | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-07-2018 മുതൽ 07-08-2018 വരെ | 2013-14 മുതൽ 2017-18 വരെ | 03-09-2018 |

# 1-9 വാർഷിക കണക്കുകകളിലെ അപാകതകൾ

സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു.കൂടാതെ താഴെ പറയുന്ന അപാകതകളും പരിഹരിക്കേണ്ടതാണ്.

1.വാർഷികകണക്ക് RP-32 പ്രകാരം KURDFC ലോൺ40143811 രൂപ വരവും RP-32 – 330500201 എന്ന ഹെഡിൽ 623811 രൂപ തിരിച്ചടവുമുണ്ട്. RP-45 പ്രകാരം 39416189 രൂപ Prepaid programme expense ചെലവുണ്ട്. B-5 പ്രകാരം 39520000 രൂപയാണ് ലോൺതുക. രജിസ്റ്റർ പ്രകാരം 39520000 രൂപ വായ്പ ഇത്തിൽ വരവുണ്ട്. 39400000രൂപ വിനിയോഗിച്ചിട്ടുണ്ട്. വാർഷികകണക്കിലെ വായ്പ വരവ്, ചെലവ്, തിരിച്ചടവ്, തുകകൾ കൃത്യമല്ല

2.സംയുക്തപ്രൊജക്ടുകൾക്കായി ലഭിച്ച വിഹിതം- ചെലവ് , നീക്കിയിരുപ്പ് എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ ബി-4 ലെ കണക്ക് കൃത്യമല്ല.ബ്ലോക്ക്

വിഹിതമായ 1006005 രൂപയിൽ 470652 രൂപ ഹെഡ് മാറി ചെലവഴിച്ചതാണ്.. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ അവശേഷിക്കുന്ന42990 രൂപയിൽ 25237 രൂപ ഹെഡ് മാറി ചെലവഴിച്ചതാണ്.

# 1-10 രശീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.</u>

2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 17-09-2018 മുതൽ 17-12-2019 വരെയുള്ള കാലയളവിലെ രസീതികൾ പരിശോധിച്ചതിൽ ആകെ 36 മാന്വൽ രസീതികൾ ഉപയോഗിച്ചിട്ടുണ്ട്. മാന്വൽ രശീതികൾ പരിശോധിച്ചതിൽ ചുവട ചേർത്ത രശീതി ബുക്കുകളിൽ കെടിസി വാല്യം 1 ആർട്ടിക്കിൾ 92 ബി, കുറിപ്പ് 2 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം | ബുക്ക് നം |
|---|---|
| 1 | 41074 |
| 2 | 41072 |
| 3 | 41077 |
| 4 | 41067 |
| 5 | 41069 |
| 6 | 41076 |
| 7 | 41079 |
| 8 | 19644 |
| 9 | 41084 |
| 10 | 19641 |

| | |
|---|---|
| 11 | 41088 |
| 12 | 19639 |

2)ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള മാന്വൽ രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

| ക്രമ നം | ബുക്ക് നം | രശീതി നം | തുക |
|---|---|---|---|
| 1 | 19640 | 40 | 191 |
| 2 | 41067 | 37 | 794 |
| 3 | 41071 | 77 | 2381 |
| 4 | 41073 | 76 | 231 |

3) ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള സാംഖ്യ രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല

| ക്രമ നം | രശീതി നം | തിയതി | തുക |
|---|---|---|---|
| 1 | 118050102534 | 29.10.18 | 100 |
| 2 | 119050102796 | 16.11.19 | 279 |
| 3 | 119050102850 | 20.11.19 | 1120 |
| 4 | 119050102851 | 20.11.19 | 178 |
| 5 | 119050102852 | 20.11.19 | 1120 |
| 6 | 119050102894 | 21.11.19 | 212 |
| 7 | 119050102904 | 21.11.19 | 100 |
| 8 | 118050102886 | 21.11.18 | 78 |
| 9 | 118050103108 | 07.12.18 | 20 |
| 10 | 118050103351 | 19.1218 | 368 |
| 11 | 118050103581 | 26.12.18 | 368 |
| 12 | 118050105106 | 25.02.19 | 130 |
| 13 | 119050102501 | 29.10.19 | 3000 |
| 14 | 119050100907 | 28.06.19 | 10 |

4) 2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച ബുക്ക് നം. 19639 സാമ്പത്തിക വർഷം അവസാനിച്ചിട്ടും അവശേഷിച്ച രസീതികൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷത്തിന് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്നും തുടർവർഷങ്ങളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 2/20.12.2019. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-11 വസ്തു കൈമാറ്റത്തിന് നിയമപരമല്ലാതെ തുക ഈടാക്കുന്നു

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ, ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ്- ഹെഡ്ഡിലെ ലെഡ്ജർ ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷ ലഭിക്കുന്ന സംഗതികളിൽ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂല്യത്തിന്റെ 1% തുക വസ്തുകൈമാറ്റ നികുതിയായി 26.09.18 വരെയുള്ള കാലയളവിൽ ഈടാക്കിയിട്ടുള്ളതായി കണ്ടെത്തി. 2018-19 വർഷം 60100/- രൂപ ഉടമവസ്ഥാവകാശം കൈമാറുന്നതിനുള്ള ഫീസ് എന്ന ഹെഡിൽ ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 206(1) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരം ചുമത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവിനെ സംബന്ധിക്കുന്നതുമായ ഓരോ കരണത്തിലും 1959 -ലെ കേരള മുദ്രപത്ര ആക്ട് പ്രകാരം ചുമത്തിയിട്ടുള്ള നികുതിയിന്മേലുള്ള ഒരു സർചാർജ്ജിന്റെ രൂപത്തിലും അത്തരം കരണങ്ങൾക്ക് നേരെ പറഞ്ഞിരിക്കുന്ന തുകയുടെ അഞ്ചു ശതമാനത്തിൽ കവിയാതെ സർക്കാർ നിശ്ചയിക്കാവുന്ന നിരക്കിലുമാകേണ്ടതാണ്. വകുപ്പ് 206(3) വ്യവസ്ഥ ചെയ്യുന്നത് കരം പിരിക്കുകയും, അത് ഗ്രാമപഞ്ചായത്തിന് കൊടുക്കുകയും അത് പിരിച്ചെടുക്കുന്നതിൽ സർക്കാരിന് നേരിട്ട് ഏതെങ്കിലും ചെലവ് കിഴിക്കുകയും ചെയ്യുന്നതും ക്രമപ്പെടുത്താൻ സർക്കാരിന്, നിയമത്തിന് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്നാണ്. വകുപ്പ് 206(4) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പിരിച്ചെടുത്ത തുകകൾ ഓരോ കൊല്ലവും സംസ്ഥാനത്തൊട്ടാകെയുള്ളവയുമായി സഞ്ചയിക്കേണ്ടതും, കരം പിരിച്ചെടുക്കുന്നതിനുള്ള ചെലവായി അതിൽ നിന്നും മൂന്നുശതമാനം കുറവുചെയ്തശേഷം ഗ്രാമപഞ്ചായത്തുകൾക്കിടയിൽ വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജി.ഒ.(എം.എസ്) നമ്പർ 330/2004/തസ്വഭവ തിയ്യതി 09/12/2004 പ്രകാരം മോട്ടോർ വാഹന നികുതി പരിഹാര തുക, വസ്തു കൈമാറ്റ നികുതി, അടിസ്ഥാന നികുതി മുതലായ ഏൽപ്പിക്കപ്പെട്ട/വിഭജിച്ച് നൽകുന്ന നികുതികൾക്ക് പകരമായി പൊതു ആവശ്യ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ നൽകുവാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതനുസരിച്ച് സർക്കാരിന്റെ തനതു നികുതി വരുമാനത്തിന്റെ 3.5 % പൊതു ആവശ്യ ഗ്രാന്റായും 5.5% മെയിന്റനൻസ് ഗ്രാന്റായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്.

2011 -ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതി)ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം കെട്ടിടം

കൈമാറ്റം ചെയ്യുന്നയാളും കൈമാറിക്കിട്ടുന്ന ആളും മൂന്നു മാസത്തിനുള്ളിൽ സെക്രട്ടറിക്ക് നോട്ടീസ് നൽകണമെന്നും, വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ, രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച്ച വരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് അഞ്ഞൂറ് രൂപയിൽ കവിയാത്ത തുക പിഴ ചുമത്തുന്നതിനുമാണ് വ്യവസ്ഥയുള്ളത്. ഉടമസ്ഥാവകാശം കൈമാറുന്നതിനായി പ്രത്യേക ഫീസ് ചുമത്തുന്നതിന് ചട്ടം വ്യവസ്ഥ ചെയ്യുന്നില്ല. ആയതിനാൽ വസ്തു കൈമാറ്റത്തിന് ഗ്രാമപഞ്ചായത്തിന് പ്രത്യേകം തുക ഈടാക്കാവുന്നതല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 26.09.2018 തിയതിവരെ ഈടാക്കിയിരുന്നെന്നും നിലവിൽ ഈടാക്കുന്നില്ലെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത നികുതി ഈടാക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നമ്പർ-03/20.12.2019

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനെത്തുടർന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്നാക്കി മാറ്റി. 31.10.2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് ഫീ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ

അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. അപേക്ഷകളിലോ, രജിസ്റ്ററിലോ അത്തരത്തിൽ സ്ഥാപനങ്ങളിൽ നിന്നും ഇൻവെസ്റ്റ്മെന്റ് രേഖപ്പെടുത്തി വാങ്ങുന്നില്ല. അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുകയോ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം വിറ്റുവരവ് അടിസ്ഥാനമാക്കിയാണ് ഫീസ് ഈടാക്കിയിട്ടുള്ളതും ലൈസൻസ് അനുവദിച്ചിട്ടുള്ളതും. ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

<u>(ബി) എല്ലാ റീട്ടെയിൽ റേഷൻ ഡിപ്പോകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്</u>

1996ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക്, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നുണ്ട്. എല്ലാ റീട്ടെയിൽ റേഷൻ ഡിപ്പോകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
കൂടാതെ ക്രമ നം. 139 പ്രകാരം അബ്കാരി ഷോപ്പുകളും ലൈസൻസ് പരിധിയിൽ വരുന്നതാണ്.

<u>(സി) ഉറവിട മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ,

അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഡി) യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുന്നതിന് ഫീസ് ചുമത്തേണ്ടതാണ്.</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ലൈസൻസ്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയിട്ടില്ല. പുതിയതായി ലൈസൻസ് അനുവദിക്കുന്ന വേളയിൽ യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>(ഇ) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 1994 ലെ കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേരും, സ്ഥാപനത്തിന്റ പേരും, | അപേക്ഷയിൽ | ചുമത്താവുന്ന പരമാവധി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വാർഡ്/ കെട്ടിട നമ്പർ | രേഖപ്പെടുത്തി യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഫീസ് |
| 1 | എ3-362-1413/2018-19-18 05.09.18 | സച്ചിദാനന്ദൻ, സ്റ്റോ ഫ്ലേക്ക്, 16/127 | 20 | 200 |
| 2 | എ3-362എ4-1182/19/2018-19-17 21.02.19 | മാനേജിങ്ങ് ഡയറക്ടർ, MRCPU ltd, കോഴിക്കോട്, 5/692, 5/473 | 277 | 2770 |
| 3 | എ3-362(6)/18-19 09.03.18 | രാമകൃഷ്ണൻ, ഹരേകൃഷ്ണാ ഓയിൽ മിൽ, 10/293 | 30 | 300 |
| 4 | എ3-362(5)/18-19 09.03.18 | ടി. പാർവ്വതി, കെ.പി. റൈസ് മിൽ, 9/42 | 10 | 100 |
| 5 | എ3-362(4)/18-19 09.03.18 | രാധാകൃഷ്ണൻ, ശാസ്താ റൈസ് മിൽ, 9/328 | 10 | 100 |
| 6 | എ3-362(3)/18-19 09.03.18 | രാധാകൃഷ്ണൻ, എസ്.കെ ഓയിൽ മിൽ, 9/327 | 15 | 200 |
| 7 | എ3-362(2)/18-19 09.03.18 | ഉഷാ ജോർജ്ജ്, ഉഷസ്സ് മിൽ | 15 | 200 |
| 8 | എ3-362(1)/18-19 29.03.18 | സച്ചിദാനന്ദൻ, ന്യൂ റൈസ് മിൽ 3/83 | 20 | 200 |
| 9 | എ3-362എ4 /1235/19/18-19 -13 15.03.19 | ആർ. സുന്ദരേശ്വരൻ, വിദ്യാ റൈസ് മിൽ 12/435 | 10 | 100 |
| 10 | എ3-362എ4 /1454/19/18-19 -131 18.03.19 | ശിവദാസൻ, ചാത്തുണ്ണി റൈസ് മിൽ, | 12 | 200 |
| 11 | എ3-362-5281/2018-19-105 31.05.18 | ദിവാകരൻ, മീനാക്ഷി റൈസ് മിൽ 7/379 | 10 | 100 |
| 12 | എ3-362-2759/2018-19-90 02.07.18 | നജീമുദ്ദീൻ, ജസ്നാ സാ മിൽ, 6/257 | 46 | 500 |
| 13 | എ3-362(84)/18-19 25.04.18 | ബദറുദ്ദീൻ. ബി, റജീമ സാമിൽ, 16/295 | 29.5 | 300 |
| 14 | എ3-362-2042/2018-19-79 04.07.18 | പി.സി.ഷാലുദ്ദീൻ, ആശിഫ് ഫർണീച്ചർ യൂണിറ്റ്, 6/241 | 7 | 100 |

| | | | | |
|---|---|---|---|---|
| 15 | എ3-362(73)/18-19 31.03.18 | സുമേഷ്. വി, കെ.വി.എസ് ഡിറ്റർജന്റ്, 2/224 | 49 | 500 |
| 16 | എ3-362(70)/18-19 15.05.18 | മുരുകേശൻ, കിട്ടുമാമ്മൻ ഫ്ലവർ മിൽ, 3/138 | 10 | 100 |
| 17 | എ3-362(66)/18-19 31.03.18 | വേലായുധൻകുട്ടി, വിവിപി റൈസ് മിൽ, 7/240 | 10 | 100 |
| 18 | എ3-362(64)/18-19 15.05.18 | രാമചന്ദ്രൻ, വള്ളിയമ്മാൾ റൈസ് മിൽ 13/136 | 10 | 100 |
| 19 | എ3-362(63)/18-19 26.03.18 | പി.സി. സുബ്ബയ്യൻ, ശ്രീരാമ റൈസ് മിൽ, 11/151 | 10 | 100 |
| 20 | എ3-362(61)/18-19 26.03.18 | എം. പരമേശ്വരൻ, രാജലക്ഷ്മി റൈസ് & ഫ്ലോർ മിൽ 15/178 | 10 | 100 |
| ആകെ | | | | 6370 രൂപ. |

<u>എഫ്) പുതിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം ഉണ്ടാവേണ്ടതാണ്.</u>

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം വിവരം, ന്യൂ ബിൽഡിംഗ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2018-19 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകിയ ധാരാളം സ്ഥാപനങ്ങളുണ്ടെന്ന് കണ്ടെത്തി. നമ്പർ അനുവദിച്ചതിനുശേഷം പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് കെട്ടിടങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനായി കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്.

മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2019-20 സാമ്പത്തിക വർഷം മുതൽ നിലവിൽ പ്രാബല്യത്തിലുള്ള ചട്ടപ്രകാരം മാത്രമാണ് അപേക്ഷ തീർപ്പാക്കുന്നതും ലൈസൻസ് നൽകിവരുന്നതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിന്/ ഉപയോഗിക്കുന്നതിന് എന്നിവയ്ക്കുള്ള അനുമതി ഫീസ് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 7/21.12.2019

# 1-13 പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണത്തിലെ കാര്യക്ഷമത

# വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ

ബജറ്റ് രൂപീകരണം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്, എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് രൂപീകരണം സംബന്ധിച്ച് പാലിക്കേണ്ട നടപടി/ സമയക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കൽ, പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കൽ

വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. സ്റ്റാൻറിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ജനുവരി 22 ന് മുൻപ് ചർച്ച ചെയ്തിട്ടില്ല, വിവിധ സ്റ്റാൻറിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1 ന് മുമ്പായി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ സ്റ്റാൻറിംഗ് കമ്മിറ്റികൾ നിർദ്ദേശങ്ങൾ സമർപ്പിച്ചത് സമയക്രമം പാലിച്ചല്ല.

<u>വിവിധ സ്റ്റാൻറിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതിന്റെ വിവരം.</u>

| ക്രമ നം | സ്റ്റാൻറിംഗ് കമ്മിറ്റി | സമർപ്പിച്ച തിയതി |
|---|---|---|
| 1 | വികസനം | 24.03.18 |
| 2 | ക്ഷേമം | 24.03.18 |
| 3 | ആരോഗ്യം വിദ്യാഭ്യാസം | 24.03.18 |

<u>ബജറ്റ് തയ്യാറാക്കൽ, പാസാക്കൽ</u>

26.03.2018 ന് ചേർന്ന് ഭരണസമിതി യോഗത്തിൽ ബജറ്റ് അവതരിപ്പിക്കുകയും, 26.03.2018 ലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി, | 1,38,43,182 |
| തൻവർഷം വരവ് | 28,74,91,155 |
| ആകെ വരവ് | 30,13,34,337 |
| ചെലവ് | 30,05,27,517 |
| നീക്കിയിരിപ്പ് | 8,06,820 |

<u>ബജറ്റ് നിയന്ത്രണം</u>

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാൻറിംഗ്

കമ്മിറ്റിയാണ്. അലോട്ട്മെൻ്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടൻ്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

<u>ബജറ്റ് പരിശോധന</u>

നിർവ്വഹണ ഉദ്യോഗസ്ഥർ ആരുംതന്നെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ. അവരുടെ നിർദ്ദേശങ്ങളുടെ അഭാവത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ വർഷങ്ങളിലെ ബജറ്റ് രൂപീകരണത്തിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 6/21.12.2019

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പ്രതീക്ഷിക്കുന്ന എല്ലാ ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. ബജറ്റ് നിയന്ത്രണത്തിനായി ഭരണ തലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 ഡാറ്റാ പ്യൂരിഫിക്കേഷനുശേഷവും അപാകതകൾ നിലനിൽക്കുന്നതിനാൽ- റവന്യൂ നഷ്ടം തുടരുന്നു.

പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി അടവാക്കൽ യഥാർത്ഥ ഉപയോഗക്രമത്തിലാണോ എന്നും 2018-19 സാമ്പത്തിക വർഷത്തിൽ സഞ്ചയയിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതും സെക്രട്ടറി ഡിജിറ്റലി സാക്ഷ്യപ്പെടുത്തി അന്തിമമാക്കിയതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ,

വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ 100% ശതമാനം പൂർത്തീകരിച്ചിട്ടും വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6 പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) വാണിജ്യ/ വ്യവസായ കെട്ടിടങ്ങളെ ശരിയായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ നികുതി നഷ്ടം</u>

100 ചതുരശ്ര മീറ്ററിൽ മുകളിൽ വാണിജ്യ/ വ്യവസായ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകള് എന്ന കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നത് ക്രമീകരിച്ചിട്ടില്ല. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 30 രൂപയും, 100 ചതുരശ്ര മീറ്ററിൽ മുകളില് വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 50 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ കെട്ടിടങ്ങളെ ശരിയായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിടനം, കെട്ടിട ഉടമസ്ഥൻ | തറ വിസ്തീർണം (ച.മീ) ഡിജിറ്റലി സാക്ഷ്യ പ്പെടുത്തിയ തിയതി | നിലവിലെ നിർണ്ണ യിക്കപ്പെട്ട വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 14/16<br>സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്, പട്ടഞ്ചേരി | 122 ച.മീ<br>06.10.2018 | വസ്തു നികുതി-3294<br>സേവന ലൈബ്രറി സെസ്സ്-165<br>ആകെ-3459 രൂപ | അടിസ്ഥാന വസ്തുനികുതി-122*50 =6100<br>ഇളവ് 30%-1830 (മേൽക്കൂര-10%, കാലപ്പഴക്കം -20%)<br>വർദ്ധനവ് 20% -1220 (വഴി സൗകര്യം)<br>ആകെ വസ്തു നികുതി- 5490 | 2306 |

| | | | | | |
|---|---|---|---|---|---|
| | | | | ലൈബ്രറി സെസ്സ്- 275<br>ആകെ-5765 രൂപ | |
| ആകെ | | | | | 2306 രൂപ |

ഡാറ്റ പ്യൂരിഫിക്കേഷനുശേഷവും അപാകതകൾ നിലനിൽക്കുന്നു എന്നത് ഡാറ്റാ പ്യൂരിഫിക്കേഷനിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്നതിന് തെളിവാണ്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നമ്പർ- 18/26.12.2019

# 1-15 ഖാദി ബോർഡ്- നിർമ്മാണ യൂണിറ്റ്, വിപണനകേന്ദ്രം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 14/35, 14/36 എന്നീ കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന ഖാദി ബോർഡിന്റെ നിർമ്മാണ യൂണിറ്റിലും, വിപണന കേന്ദ്രത്തിലുമായി 60 ഓളം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ- 19/26.12.2019.

# 1-16 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായുള്ള വനിതാ കാന്റീൻ- വാടക നിശ്ചയിച്ചിട്ടില്ല, ഈടാക്കുന്നില്ല.

2018-19 സാമ്പത്തിക വർഷത്തെ വാടകയിനത്തിലെ വരവ്, ലേലം നടപടികൾ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായിട്ടുള്ള വനിതാ കാന്റീനിൽ നിന്നും

വാടക നിശ്ചയിച്ച് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനടുത്ത് നിർമ്മിച്ചിട്ടുള്ള വനിതാ കാന്റീനിൽ നിലവിൽ കുടുംബശ്രീ വിപണന കേന്ദ്രം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കെട്ടിടത്തിൽ നിന്നും നാളിതുവരെ വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് നാളിതുവരെ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്നും ബോധ്യപ്പെട്ടു. 2017-18 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആവിഷ്കരിച്ച് നടപ്പാക്കിയ വനിതാ കാന്റീൻ നവീകരണം(പ്രൊജക്ട് നമ്പർ -244/18, അടങ്കൽ 1,90,000 രൂപ) എന്ന പദ്ധതി പ്രകാരം 114948/- രൂപ ചെലവഴിച്ച് ടി കെട്ടിടത്തിന് നവീകരണ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവറാക്കിയെങ്കിലും തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജും പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നാണ് അടവാക്കുന്നത്.

2018-19 സാമ്പത്തിക വർഷം അടവാക്കിയ ഇലക്ട്രിസിറ്റി ചാർജ് വിവരം ചുവടെ ചേർക്കുന്നു.

1) തുക- 650 രൂപ, വൗച്ചർ നമ്പർ- 2180067, തിയതി- 24.04.18

2) തുക- 308 രൂപ, വൗച്ചർ നമ്പർ- 21800213, തിയതി- 21.06.18

വനിതാ കാന്റീൻ നവീകരണ പ്രവർത്തികൾക്കും, മെയിന്റനൻസിനുമായി തുകകൾ ചെലവഴിച്ചിട്ടും നാളിതുവരെ വാടക നിശ്ചയിച്ച് ഈടാക്കാത്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നമ്പർ- 18/26.12.2019

ഓഡിറ്റ് നിർദ്ദേശം

1) വനിതാ കാന്റീൻ കെട്ടിടത്തിന്റെ വാടക നിരക്ക് സാങ്കേതിക വിദഗ്ദനാൽ നിശ്ചയിച്ച്, ഭരണസമിതി അംഗീകാരത്തോടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സ്ഥാപനം നടത്തിപ്പുകാരനും സെക്രട്ടറിയും തമ്മിൽ കരാർ ചമക്കേണ്ടതാണ്.

3) വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ(യു.എ രജിസ്റ്റർ) പരിശോധിച്ചപ്പോൾ 97 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയ സാഹചര്യത്തിൽ നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കിയിട്ടുണ്ടോ എന്നും അനധികൃത നിർമ്മാണങ്ങൾക്കെതിരെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

യു.എ രജിസ്റ്റർ പ്രകാരം ആകെ കെട്ടിടങ്ങൾ- 97

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്ന കെട്ടിടങ്ങളുടെ എണ്ണം- 3

അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കാത്തതും,

നിയമാനുസൃത വസ്തു നികുതി ഈടാക്കാത്തതുമായ കെട്ടിടങ്ങളുടെ എണ്ണം- 94

<u>നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ ഏതാനും ചില ഉദാഹരണങ്ങൾ.</u>

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | യു.എ നമ്പർ, തറ വിസ്തീർണ്ണം |
|---|---|---|
| 1 | ശശി, s/o കുഞ്ചൻകുട്ടി | IV-UA/2, 19.84 ച.മീ |
| 2 | അപ്പച്ചാമി, S/O ആറുച്ചാമി | 9-UA/1, 32 ച.മീ |
| 3 | ശെൽവകുമാർ, S/O അരുണാചലം | 5/WL-4, 20 ച.മീ |
| 4 | പി.സി. ശെൽവൻ, s/o ചാമി | 5/WL-11 99 ച.മീ |
| 5 | ജയപ്രകാശൻ | 5-UA/17 18.15 ച.മീ |
| 6 | സുഭാഷ്, s/o വെങ്കിടാചലം | 14-UA/3 18.25 ച.മീ |
| 7 | രാമചന്ദ്രൻ, S/O വേലായുധൻ | 2-UA/2 18 ച.മീ |

<u>നിലവിലെ സ്ഥിതി</u>

കെട്ടിടങ്ങൾക്ക് യ.എ നമ്പർ നൽകിയെങ്കിലും നാളിതുവരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടിയും നാളിതുവരെ ഈടാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 134 പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുകയും തടയുകയും ചെയ്യുന്നതിനും ചട്ടങ്ങൾ പ്രകാരം മറ്റ് നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും സെക്രട്ടറിയെ വിമുക്തനാക്കുന്നില്ല. എന്നാൽ അപ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നാളിതുവരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമകൾ ക്രമവത്കരണത്തിനായി നാളിതുവരെ പഞ്ചായത്തിൽ അപേക്ഷ സർപ്പിച്ചിട്ടില്ല. അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ സെക്രട്ടറി കെട്ടിട ഉടമകളോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ല. അനധികൃത കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെയോ നിയമാനുസൃതം ക്രമവത്കരിച്ച് യഥാർത്ഥ കെട്ടിട നമ്പർ നൽകുന്നതുവരെ യു.എ നമ്പർ നൽകിയത് പ്രകാരമുള്ള നികുതിയാണ് ഈടാക്കേണ്ടതെങ്കിലും ആയത് നാളിതുവരെ ഈടാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 4/20.12.2019

ഓഡിറ്റ് നിർദ്ദേശം

1. യു.എ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. കെട്ടിട ഉടമസ്ഥരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടിയും ഈടാക്കി വിവരം അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തുക ഒടുക്കാത്ത പക്ഷം യു.എ നമ്പർ റദ്ദാക്കേണ്ടതും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതുമാണ്.
3. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കെട്ടിടം ക്രമവത്കരിച്ച് യഥാർത്ഥ നമ്പർ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
5. യു.എ രജിസ്റ്ററിൽ ചേർത്തിട്ടുള്ള നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതും ഡിമാന്റ് ചെയ്യപ്പെടേണ്ടതുമാണ്. കെട്ടിട ഉടമകളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം ഈടാക്കേണ്ട നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-18 കെട്ടിട നിർമ്മാണ അനുമതി നൽകൽ- അനുവദനീയമായ കവറേജ് പരിധി ലംഘിച്ചിട്ടും നിർമ്മാണാനുമതി നൽകി

എ) അനുവദനീയമായ കവറേജ് പരിധി ലംഘിച്ചിട്ടും നിർമ്മാണാനുമതി നൽകി.

ശ്രീ. ഷാനവാസ്( റീസർവ്വേ നം. 568/12) എന്ന പേരിൽ A5-BA(105222)/2018 തീയതി 09.05.2018 നമ്പരായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് ഫയൽ, സങ്കേതം സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ അനുവദനീയമായ കവറേജ് പരിധിയിൽ അധികരിച്ചിട്ടും നിർമ്മാണാനുമതി നൽകിയതായും പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത സർട്ടിഫിക്കറ്റാണ് അനുവദിച്ചിട്ടുള്ളത്. 151.56 ച.മീ നിർമ്മിക്കുന്നതിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ അപ്രൂവ് ചെയ്ത പ്ലാനിൽ 159.84 ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

   താഴത്തെ നില- 75.78 ച.മീ

   സ്റ്റെയർ- 08.28 ച.മീ

   മുകളിലത്തെ നില- 75.78 ച.മീ

   ആകെ- 159.84 ച.മീ

ഈടാക്കിയ പെർമിറ്റ് ഫീസ്- 758 രൂപ( രസീത് നം- 117050100722, 29.05.18)
യഥാർത്ഥത്തിൽ ഈടാക്കേണ്ട ഫീസ്- 159.84 x 5 = 800 രൂപ.

2. 125 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഭൂമിയിൽ 159.84 ച.മീ കെട്ടിടം നിർമ്മിക്കുന്നതിനായാണ് അംഗീകരിച്ച പ്ലാനിൻ കാണിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ കവറേജ് 84.06/125X100=67.248% എന്നതിന് പകരം പ്ലാനിൽ 60.62% എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗണം F (കച്ചവടം/വാണിജ്യം) യിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ അനുവദനീയമായ കവറേജിന്റെ പരിധി പരമാവധി 60% ആണെന്നിരിക്കെ അധികരിച്ചിട്ടും പെർമിറ്റ് അനുവദിച്ചിരിക്കുന്നു.

ബി) നിയമാനുസൃത ഫീസിൽ അധികരിച്ച് ഫീസ് ഈടാക്കിയിരിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കലുകൾ പരിശോധിച്ചപ്പോൾ നിയമാനുസൃത പെർമിറ്റ് ഫീസിൽ അധികരിച്ച് ഫീസ് ഈടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, പെർമിറ്റ് നമ്പർ/തിയതി | ഈടാക്കിയ ഫീസ് | യഥാർത്ഥത്തിൽ ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| 1 | ബാലസുബ്രഹ്മണ്യൻ, എ5-ബി.എ(1319)/2019 തിയതി- 02.11.18 | 147.29X3=441 രൂപ | 85.26X3=256 രൂപ |
| 2 | നിഷ മണികണ്ഠൻ, എ5-ബി.എ(73706)/2018 തിയതി- 12.04.18 | 74.51X3=224 രൂപ | 42.27 X3= 127രൂപ |

ഓഡിറ്റ് അന്വേഷണവും മറുപടിയും

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയതിലെ കുറവ് തുക 23.12.2019 തിയതിയിലെ 119050104006 നമ്പർ പ്രകാരം അടവാക്കിയിട്ടുണ്ടെന്നും, നിയമാനുസൃത പെർമിറ്റ് ഫീസിൽ അധികരിച്ച് ഫീസ് ഈടാക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അനുവദനീയമായ കവറേജ് പരിധിയിലും അധികരിച്ചിട്ടും നിർമ്മാണാനുമതി നൽകിയത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

ഓഡിറ്റ് അന്വേഷണം നമ്പർ- 5/20.12.2019

ഓഡിറ്റ് നിർദ്ദേശം

1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
2. സങ്കേതം സോഫ്റ്റ്വെയറിലെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പരിശോധനാ സംവിധാനം ഉണ്ടാവേണ്ടതാണ്.

# 1-19 അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണവും, വസ്തു നികുതി നിർണ്ണയവും നികുതി ചുമത്തലും - അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി നിർണ്ണയവും നികുതി ചുമത്തലും, അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണവും, ക്രമവൽക്കരണത്തിന്റെ രാജിയാക്കൽ ഫീസ് ഈടാക്കലും നിയമാനുസൃതമായാണോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. സഞ്ജയ സോഫ്റ്റ്വെയറിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ, കെട്ടിട നിർമ്മാണങ്ങളുടെ പൂർത്തീകരണ ഫയലുകൾ, ബിൽഡിംഗ് റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പെർമിറ്റ് എടുക്കാതെയുള്ളവ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണങ്ങൾ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാവുന്നതാണ്. ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുകയും തടയുകയും ചെയ്യുന്നതിനും ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ വിമുക്തനാക്കുന്നില്ല. ഒരു ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണ്.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം പൂർത്തീകരിച്ച വിവിധ കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചു നൽകുമ്പോൾ നിയമാനുസൃത രാജിയാക്കൽ ഫീസ് (പെർമിറ്റ് ഫീസിന്റെ രണ്ട് ഇരട്ടി) ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) നിർമ്മാണ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടത്തിന് രാജിയാക്കൽ ഫീസ് ഈടാക്കാതെ നമ്പർ അനുവദിച്ചിരിക്കുന്നു.

1) കെട്ടിട ഉടമയുടെ പേര് -ശശി. എം

കെട്ടിട നമ്പർ - 5/556 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-7659/18, 31.12.18

പ്ലോട്ട് വിസ്തീർണ്ണം- 243 ച.മീ.

താഴത്തെ നില- 100.47 ച.മീ.

ഒന്നാം നില- 50.46 ച.മീ.

തറ വിസ്തീർണ്ണം - 150.93 ച.മീ.

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 150.93 X 3 X 2 = 906 രൂപ

കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ പ്രസ്തുത കെട്ടിടത്തിന് സമീപത്തായി ഒരു കെട്ടിടം കൂടെ സ്ഥിതിചെയ്യുന്നുണ്ട്. ആയത് പൊളിച്ചുകളയുന്നതിന് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കംപ്ലീഷൻ പ്ലാനിൽ Existing building to be demolished എന്ന് രേഖപ്പെടുത്തിയത് എന്തിനെന്ന് വ്യക്തമല്ല.

<u>ബി) നിയമാനുസൃതമായി രാജിയാക്കൽ ഫീസ് ഈടാക്കിയില്ല, വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.</u>

1) കെട്ടിട ഉടമയുടെ പേര് - രവീന്ദ്രൻ, s/o കിട്ടു

കെട്ടിട നമ്പർ - 3/540 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-8542/18, 20.02.19

ബിൽഡിംഗ് പെർമിറ്റ് നം- എ5-402/2016, 23.01.16

തറ വിസ്തീർണ്ണം(ബിൽഡിംഗ് പെർമിറ്റ്) - 54.99 ച.മീ.

തറ വിസ്തീർണ്ണം(കംപ്ലീഷൻ പ്ലാൻ) - 87.88 ച.മീ

ക്രമവൽക്കരിക്കേണ്ട തറ വിസ്തീർണ്ണം - 32.89 ച.മീ

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 32.89 X 3 X 2 = 198 രൂപ

കെട്ടിട ഉടമ 24.12.18 തിയതിയിൽ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. 2018 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കേണ്ടതാണെങ്കിലും 2019 ആദ്യ അർദ്ധവർഷം മുതലാണ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്.

നിയമാനുസൃ വസ്തു നികുതി ഈടാക്കാത്തതിൽ ഉണ്ടായ നഷ്ടം-

വസ്തു നികുതി- 198 രൂപ

ലൈബ്രറി സെസ്സ്- 10 രൂപ

ആകെ- 208 രൂപ

സി) നിർമ്മാണ അനുമതിയിൽ അധികരിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് നിയമാനുസൃത രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല.

നിർമ്മാണ അനുമതിയിലും അധികരിച്ച് നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത രാജിയാക്കൽ ഫീസ് ഈടാക്കാത്തതിനാൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട ഉടമയുടെ പേര് - ശിവദാസൻ.ടി കരിപ്പോട്

കെട്ടിട നമ്പർ - 1/599 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-1611/18, 06.04.18

ബിൽഡിംഗ് പെർമിറ്റ് നം- എ5-5995/2016, 07.07.16

തറ വിസ്തീർണ്ണം(ബിൽഡിംഗ് പെർമിറ്റ്) - 130.88 ച.മീ.

തറ വിസ്തീർണ്ണം(കംപ്ലീഷൻ പ്ലാൻ) - 153.39 ച.മീ

ക്രമവൽക്കരിക്കേണ്ട തറ വിസ്തീർണ്ണം - 23.21 ച.മീ

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 23.21 X 3 X 2 = 140 രൂപ

2) കെട്ടിട ഉടമയുടെ പേര് - ബാലകൃഷ്ണ പ്രസാദ് & ബിന്ദി പ്രസാദ്, ശേഖരിപുരം

കെട്ടിട നമ്പർ - 7/581, 7/582, 7/583 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-1885/18, 12.04.18

ബിൽഡിംഗ് പെർമിറ്റ് നം- എ5-5642/2016, 17.06.16

തറ വിസ്തീർണ്ണം(ബിൽഡിംഗ് പെർമിറ്റ്) - 170.24 ച.മീ.

തറ വിസ്തീർണ്ണം(കംപ്ലീഷൻ പ്ലാൻ) - 187.69 ച.മീ

ക്രമവൽക്കരിക്കേണ്ട തറ വിസ്തീർണ്ണം - 17.45 ച.മീ

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 17.45 X 3 X 2 = 105 രൂപ

3) കെട്ടിട ഉടമയുടെ പേര് - ഗുരുവായൂരപ്പൻ, s/o മാണിക്കൻ

കെട്ടിട നമ്പർ - 3/528 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-2447/18, 21.04.18

ബിൽഡിംഗ് പെർമിറ്റ് നം- എ5-419/2016, 28.01.16

തറ വിസ്തീർണ്ണം (ബിൽഡിംഗ് പെർമിറ്റ്) - 128.387 ച.മീ.

തറ വിസ്തീർണ്ണം (കംപ്ലീഷൻ പ്ലാൻ) - 164.95 ച.മീ

ക്രമവൽക്കരിക്കേണ്ട തറ വിസ്തീർണ്ണം - 36.58 ച.മീ

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 36.58 X 3 X 2 = 220 രൂപ

4) കെട്ടിട ഉടമയുടെ പേര് - അബ്ദുൾ മജീദ്, കന്നിമാരി

കെട്ടിട നമ്പർ - 10/587 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-1312/18, 03.04.18

ബിൽഡിംഗ് പെർമിറ്റ് നം- എ5-ബി.എ-(48761)/2017, 22.09.17

തറ വിസ്തീർണ്ണം (ബിൽഡിംഗ് പെർമിറ്റ്) - 69.33 ച.മീ.

തറ വിസ്തീർണ്ണം (കംപ്ലീഷൻ പ്ലാൻ) - 79.32 ച.മീ

ക്രമവൽക്കരിക്കേണ്ട തറ വിസ്തീർണ്ണം - 10 ച.മീ

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 10 X 3 X 2 = 60 രൂപ

5) കെട്ടിട ഉടമയുടെ പേര് - ആറുമുഖൻ.എം, നന്ദിയോട്

കെട്ടിട നമ്പർ - 8/563 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-6537/18, 23.10.18

ബിൽഡിംഗ് പെർമിറ്റ് നം- ഇല്ല

തറ വിസ്തീർണ്ണം(കംപ്ലീഷൻ പ്ലാൻ) - 148.32 ച.മീ

ക്രമവൽക്കരിക്കേണ്ട തറ വിസ്തീർണ്ണം - 148.32 ച.മീ

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 148.32 X 3 X 2 = 890 രൂപ

ഈടാക്കിയ രാജിയാക്കൽ ഫീസ്

( റെഗുലറൈസേഷൻ രജിസ്റ്റർ- ക്രമ നം.48) = 46 X 3 X 2 = 276 രൂപ

കുറവ്= 641 രൂപ

<u>6) കെട്ടിട ഉടമയുടെ പേര് - മാധവൻകുട്ടി, s/o നാരായണൻ. എം.പി</u>

കെട്ടിട നമ്പർ - 7/596 (ഗ്രൂപ്പ് -എ1 പാർപ്പിടം)

ഫയൽ നമ്പർ, തിയതി - എ5-6016/18, 05.10.18

ബിൽഡിംഗ് പെർമിറ്റ് നം- എ5-ബി.എ-(28721)/2017, 25.04.17

തറ വിസ്തീർണ്ണം(ബിൽഡിംഗ് പെർമിറ്റ്) - 82.92 ച.മീ.

തറ വിസ്തീർണ്ണം(കംപ്ലീഷൻ പ്ലാൻ) - 98.18 ച.മീ

ക്രമവൽക്കരിക്കേണ്ട തറ വിസ്തീർണ്ണം - 15.26 ച.മീ

ഈടാക്കേണ്ട രാജിയാക്കൽ ഫീസ് = 15.26 X 3 X 2 = 92 രൂപ

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ല. ഓഡിറ്റ് അന്വേഷണം നമ്പർ-17/26.12.2019. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ 31.3.2019 വരെ ലഭ്യമായ ₹.102856/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, തത്തമംഗലം A/c. No. 37346431339) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.9/24.12.2019ന് തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-21 ലൈഫ് ഭവന പദ്ധതി.

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന

നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ പൂർത്തീകരിച്ചു.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 258 ഉം എസ്.സി വിഭാഗത്തിൽ 7 ഉം പേരുമാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 218 (ജനറൽ 211+എസ്.സി 7 ) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം 3 പദ്ധതികളാണ് തൻവർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയത്.നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

1.ലൈഫ് മിഷൻ ഭവന പദ്ധതി - (106/19)-ജനറൽ

2.ലൈഫ് മിഷൻ ജനറൽ - (215/19 )

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-I

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 4590000 | 4560000 |
| ബ്ലോക്ക് പഞ്ചായത്ത് | 1212121 | 1200000 |
| ജില്ലാ പഞ്ചായത്ത് | 1977753 | 1960000 |
| മറ്റിനം(വായ്പ്പ) | 39520000 | 39400000 |
| ആകെ | 47299874 | 47120000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 211 | 40000 | 8440000 |
| II | 190 | 160000 | 30400000 |
| III | 138 | 60000 | 8280000 |
| ആകെ | | | 47120000 |

ഭവനനിർമ്മാണം ആരും പൂർത്തീകരിച്ചിട്ടില്ല.

b) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 107/19)- എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-I

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 2400000 | 1400000 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 0 |
| ജില്ലാ പഞ്ചായത്ത് | | |
| മറ്റുള്ളവ | 0 | 0 |
| ആകെ | 2400000 | 1400000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 5 | 40000 | 200000 |
| II | 5 | 160000 | 800000 |
| III | 4 | 100000 | 400000 |
| ആകെ | | | 1400000 |

ഭവനനിർമ്മാണം ആരും തൻവർഷം പൂർത്തീകരിച്ചിട്ടില്ല..

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 39520000/-- രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ ചിറ്റൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ ( A/C No.67325121317) നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല 2019-20 വർഷത്തിൽ സർക്കാർ വിഹിതമായി 18900000/-ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് 186ഗുണഭോക്താക്കൾക്ക് 100000/- രൂപ വീതം നല്കിയിട്ടുണ്ട്.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഭാഗികമായി കൈപ്പറ്റിയ ധനസഹായം ഭവന നിർമ്മാണം ആരംഭിക്കാത്തപക്ഷം തിരികെ ഈടാക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി ഫേസ് II പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പിന്നീട് ഭവന നിർമ്മാണം ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോകാതാവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുമ w/o ശശി, മാങ്ങോട്, തത്തമംഗലം | 40000/- |
| 2 | അനിത, w/o വിപിൻദാസ്, പള്ളാത്താംപുള്ളി | 40000/- |

ഭവന നിർമ്മാണം ആരംഭിക്കാത്തപക്ഷം കൈപ്പറ്റിയ തുക എഗ്രിമെന്റ് വ്യവസ്ഥകൾക്കനുസൃതമായി പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതാണ്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-22 ബ്ലോക്ക് വിഹിതം ചെലവഴിച്ചിട്ടില്ല

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിന് സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റ് ( പ്രോജക്ട് നം.240/19 ) എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 20.3.19 ൽ ലഭിച്ച 500000/- ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റ സ്പെഷൽ ടി.എസ്.പി.അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.തുക തിരിച്ചടയ്ക്കേണ്ടതാണ്.

# 1-23 അംഗീകാരം ലഭ്യമായ പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ പദ്ധതി ഫണ്ടിനത്തിൽ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ 150 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 70 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ 22 പ്രൊജക്ടുകൾ പുതിയതും 48 പ്രൊജക്ടുകൾ സ്പിൽ ഓവർ പ്രൊജക്ടുകളുമാണ്. വകയിരുത്തിയ ₹.53394286/-യിൽ ₹.20653121/- മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയതിൽ 39% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ട് മെയിന്റനൻസ് ഫണ്ട് തുകകളിൽ അലോട്ട്മെന്റ് ആയി ലഭിച്ച ₹.71793629/- യിൽ ₹.25220867/- പദ്ധതി ഫണ്ടിനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെടാനിടയായി. നടപ്പിലാക്കാത്ത പ്രവൃത്തികളിൽ ഭൂരിഭാഗവും അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രവൃത്തികളാണ്. വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പദ്ധതി പണം പദ്ധതികൾ നടപ്പിലാക്കാത്തതു വഴി നഷ്ടപ്പെടുത്തി കളയുന്നതു ശരിയായ പ്രവണതയല്ല. കൂടാതെ 2018-19 വർഷം സ്പിൽ ഓവറായ താഴെ പറയുന്ന പ്രവൃത്തികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

1.കളിസ്ഥല നിർമ്മാണം (138/19)

2.ചെട്ടിത്തറ മാരിയമ്മൻ ക്ഷേത്രം റോഡ് (142/19)

3. തെക്കേ കവറത്തോട് തോട്ടമേട് റോഡ് പുനരുദ്ധാരണം (145/19

4. അംഗൻവാടികൾ റിപ്പയർ (163/19)

5. പൊതു കിണർ റിപ്പയർ (167/19)

6. നടുക്കളം റോഡ് സൈഡ് പ്രൊട്ടക്ഷൻ (175/19)

7. പീടികക്കോട് റോഡ് സൈഡ് പ്രൊട്ടക്ഷൻ (179/19)

8. നാവുക്കോട് എസ്.സി.കോളനി റോഡ് (184/19)

9. പാറക്കാട്ടുചള്ള കുടിവെള്ള പദ്ധതി (185/19)

10. പഞ്ചായത്ത് ജീപ്പിന് ഷെഡ് (190/19)

പദ്ധതികൾ നടപ്പിലാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/24.12.19ന് പ്രവർത്തി ആരംഭിക്കാത്ത കരാറുകാർക്ക് നിരവധി തവണ നോട്ടീസ് നൽകുകയും ഭരണ സമിതിയുടെ സാന്നിദ്ധ്യത്തിൽ കരാറുകാരുടെ യോഗം വിളിക്കുകയും കരാറുകാർക്കെതിരെ നടപടിയെടുക്കാൻ ഭരണ സമിതി തീരുമാനത്തിനായി കത്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്പിൽ ഓവർ പ്രവൃത്തികളിൽ ക്രമ നം. 3, 5, 6, 7, 9 എന്നിവയിൽ പരാമർശിച്ച സ്പിൽ ഓവർ പ്രവൃത്തികൾ 2019-20 വർഷത്തെ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ക്രമ നം. 4, 8 എന്നീ പ്രവൃത്തികളിൽ പ്രവർത്തന പുരോഗതി ഇല്ല എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്പിൽ ഓവറായ പ്രവൃത്തികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ് എന്ന് പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018 ത.സ്വ.ഭ.വ. തിയതി, 29.1.2018 ൽ നിഷ്കർഷിക്കുന്നുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്തതായോ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തിയതായോ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചതായോ കാണുന്നില്ല.

അംഗീകാരം ലഭ്യമായ പ്രൊജക്ടുകൾ സമയ ബന്ധിതമായി നടപ്പിലാക്കാനും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തുകകൾ ലാപ്സാവാതെയിരിക്കുന്നതിനും മോണിറ്ററിംഗ് കാര്യ ക്ഷമമാക്കുന്നതിനുമായി സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-24 ഖാദി ബോർഡിൽ സാമൂഹിക ശൗചാലയം -അപാകതകൾ

പ്രൊജക്ട് നം. 128/19-ഖാദി ബോർഡിൽ സാമൂഹിക ശൗചാലയം

അടങ്കൽ -₹. 500000/- വികസന ഫണ്ട് (ജനറൽ)
ചെലവ് - ₹. 146377/- ബിൽ നം. 64/6.3.19

എഗ്രിമെന്റ് നം. 64/19.11.18

കരാറുകാരൻ - ശ്രീ.കെ.ഹരിദാസ്

എം.ബി. നം. 128/18-19

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

ഖാദി ബോർഡിൽ സാമൂഹിക ശൗചാലയം എന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/24.12.2019ന് സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)22/2018 തിയതി, 14.2.2018പ്രകാരം ഖാദി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി ₹.500000/- വരെ ചെലവഴിക്കാം എന്നതിനാലാണ് കെട്ടിടം നിർമ്മിച്ചു നൽകിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സംഘങ്ങൾക്ക് ധനസഹായം നൽകുകയും സംഘം സെക്രട്ടറി കെട്ടിട നിർമ്മാണം നടത്തുകയുമാണ് ചെയ്യേണ്ടിയിരുന്നത്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വിവിധ അംഗൻവാടികളുടെ കെട്ടിട നിർമ്മാണം,വെറ്ററിനറി ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും അത്തരം പ്രവർത്തനങ്ങൾ ഒന്നും നടപ്പിലാക്കാതെ പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത

കെട്ടിടത്തിൽ നിർമ്മാണ പ്രവർത്തനം നടത്തിയ നടപടി ക്രമപ്രകാരമല്ല. ഭാവിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഉയർത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-25 മാങ്ങോട് -മാരിയമ്മൻ കോവിൽ റോഡ് പുനരുദ്ധാരണം-അപാകതകൾ പരിഹരിക്കേണ്ടതാണ്

പ്രൊ.നം. 140/18 -മാങ്ങോട് -മാരിയമ്മൻ കോവിൽ റോഡ് പുനരുദ്ധാരണം

അടങ്കൽ -₹.360000/- (മെയി.ഗ്രാന്റ് [റോഡ്])

ചെലവ് -₹.271402/- ബിൽ നം.43/29.9.2018

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ - ശ്രീ.പരമേശ്വരൻ

എഗ്രിമെന്റ് നം. 54/21.2.17

എം.ബി.നം.54/16-17

മാങ്ങോട് -മാരിയമ്മൻ കോവിൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി 28.6.18ന് പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയിൽ നേരിയ അപാകത ഉള്ളതിനാൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി ബിൽ തുകയുടെ 10% സംഖ്യ കുറവ് ചെയ്ത് ബാക്കി തുക നൽകാവുന്നതാണെന്ന് ബിൽ തയ്യാറാക്കിയ അസി. എഞ്ചിനീയർ രേഖാമൂലം അറിയിക്കുകയും ഭരണ സമിതി തീരുമാനം 24/4.9.18 പ്രകാരം ബിൽ തുകയുടെ 10% തുക കുറവു ചെയ്ത് കരാറുകാരന് നൽകാൻ തീരുമാനിക്കുകയും അതുപ്രകാരം ₹.30156/- കുറവ് ചെയ്ത് കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. റോഡ് പ്രവൃത്തിയിലെ അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/24.12.2019ന് റോഡിന്റെ visible ആയി കാണുന്ന പ്രതലത്തിൽ താഴ്ന്ന തുടങ്ങാൻ സാധ്യതയുണ്ടെന്ന് അനുമാനിക്കുന്ന ഭാഗത്ത് പാച്ച് വർക്ക് ചെയ്ത ശേഷമാണ് 10% തുക കുറവ് ചെയ്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകിയത് എന്നും റോഡ് നിലനിൽപ്പിന്റെ ശാശ്വത പരിഹാരത്തിനായി താഴ്ന്ന തുടങ്ങാൻ സാധ്യതയുള്ള ഭാഗത്ത് റോഡിന്റെ ഒരു വശം സംരക്ഷണ ഭിത്തി നിർമ്മിച്ച് ദൃഢപ്പെടുത്തേണ്ടതിനാൽ വിവരം ഭരണ സമിതിയെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 150 പ്രൊജക്റ്റുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 70 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 53394286 രൂപയിൽ 20653121 രൂപ ചെലവഴിച്ചിട്ടുണ്ട്. 38.68% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.
- റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.
- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/ തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2018-19 വർഷം നിർവഹണം നടത്തിയ ടാറിംഗ് പ്രവൃത്തികളിൽ എത്ര പ്രവൃത്തികളിൽ ഒന്നും തന്നെ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല.
- ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
- റോഡ് ടാറിംഗ് പ്രവൃത്തികളിൽ ടാർ വാങ്ങിയ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കാം എന്ന് ഓഡിറ്റ് എൻക്വയറി നം. 9/24.12.12.2019ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും

റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-27 മാലിന്യ സംസ്ക്കരണ കേന്ദ്രം നിർമ്മാണം - പദ്ധതി പൂർത്തിയാക്കേണ്ടതാണ്

പ്രൊജക്ട് നം. 249/19 -മാലിന്യ സംസ്കരണ കേന്ദ്രം നിർമ്മാണം

അടങ്കൽ -₹.800000/- വികസന ഫണ്ട്(ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ -അസി. എഞ്ചിനീയർ

ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക വേണ്ടി മാലിന്യ ശേഖരണ കേന്ദ്രം നിർമ്മാണം എന്ന പ്രവൃത്തിക്ക് വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി അംഗീകാരം ലഭ്യമാക്കിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. കൂടാതെ 2017-18 വർഷം ശുചിത്വ മിഷനിൽ നിന്നും ₹.1200000/- ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന വേണ്ടി ലഭിച്ചിട്ടുണ്ട്. ഈ തുകയും ചെലവഴിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.9/24.12.19ന് പ്രവൃത്തി 2019-20 വർഷം ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിക്കുവാനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകകൾ അതാതു ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്.

# 1-28 ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം പ്ലാൻഫണ്ടിൽ നിന്നും നൽകി

ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം നൽകുന്നതിന് ഓഡിറ്റ് വർഷത്തിൽ വികസന ഫണ്ട് വകയിരുത്തി ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം എന്ന പ്രൊജക്ട് ആവിഷ്കരിച്ചിട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം. - 3/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 252000 (വികസന ഫണ്ട് - ജനറൽ)

ചെലവ് – 252000

| ക്രമ | ബിൽ നം., | തുക |
|---|---|---|
| | | |

| നം. | തിയ്യതി | |
|---|---|---|
| 1 | 8/17-07-18 | 63000 |
| 2 | 37/18-01-19 | 126000 |
| 3 | 59/23-03-19 | 63000 |
| ആകെ | | 252000 |

സ.ഉ (സാധാ)നം.756/17/ത.സ്വ.ഭ.വ തിയതി 18-3-17 പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 1-4-2017 മുതൽ 31-3-2018 വരെ ദീർഘിപ്പിച്ച നൽകുകയും വേതനം തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് സ.ഉ (സാധാ)നം.571/18/ത.സ്വ.ഭ.വ തിയതി 27-2-18 പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 1-4-2018 മുതൽ 31-3-2019 വരെ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കാതെ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം പ്ലാൻ ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത് .തനതുഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതിനു പകരം പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.7, തിയ്യതി 24-12-2019 മറുപടിയായി ഇനി മുതൽ വേതനം തനതു ഫണ്ടിൽ നിന്നും നൽകുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-29 കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് പദ്ധതി ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം മുൻകൂർതുക നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പദ്ധതികളുടെ വിനിയോഗരേഖകൾ/സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഫണ്ട് | ബിൽ നമ്പർ | അടങ്കൽ | മുൻകൂർ നൽകിയ തുക | കരാർ |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | തെക്കേക്കാട് | പ്ലാൻ (സി.എഫ്. | 22/ 29.10.18 | 100000 | 96000 | 27/ 23.2.19 |

| | | | | | | |
|---|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി (226/19) | സി) | | | | |
| വാട്ടർ അതോറിറ്റി | കിഴക് കേക്കളം കുടിവെള്ള പദ്ധതി (91/19) | പ്ലാൻ (എസ്.സി. പി) | 36/ 18.1.19 – 267000<br>47/ 26.2.19 – 243000 | 519500 | 510000 | 26/ 23.2.19 |

ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവും പദ്ധതി നിർവഹണവും മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കരാർ പ്രകാരം പൂർത്തിയാക്കപ്പെടുന്ന എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-30 വൃദ്ധർക്ക് കട്ടിൽ - വിതരണം പൂർത്തിയാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ രണ്ട് പദ്ധതികളുടെയും തുക 2018-19 വർഷത്തിലാണ് ചെലവഴിച്ചിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പേര് | ഫണ്ട് | അടങ്കൽ | ബിൽ നമ്പർ, തിയതി | ചെലവ് |
|---|---|---|---|---|---|---|
| 1 | 202/19 | വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ) | പ്ലാൻ (ജനറൽ) | 651000 | 13/30.07.19 | 651000 |
| 2 | 203/19 | കട്ടിൽ വാങ്ങൽ (എസ്.സി.പി) | പ്ലാൻ (എസ്.സി. പി) | 400000 | 14/30.07.19 | 399900 |
| ആകെ | | | | 3360300 | | 1050900 |

20.2.18 ന് ഇ-ടെണ്ടർ നടത്തി ഏറ്റവും കുറഞ്ഞ നിരക്കായ 3100 രൂപ ക്വോട്ട് ചെയ്ത കെ.എസ്. ഐ.ഇ എന്ന സ്ഥാപനത്തിൽ നിന്നുമാണ് കട്ടിൽ വാങ്ങിയത്. 23.3.18 ന് സപ്ലൈ ഓർഡർ നൽകുകയും 3/19 ന് കട്ടിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. രണ്ട്

പദ്ധതികളിലുമായി ആകെ 339 (ജനറൽ - 210 & എസ്.സി- 129)കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഹാജരാക്കിയ ഫയലിൽ ഗുണഭോക്താക്കളുടെ പേരും വാർഡ് നമ്പറും വിരലടയാളവും രേഖപ്പെടുത്തിയ ഷീറ്റ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ 337 പേരുടെ ഒപ്പ് / വിരലടയാളമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2 കട്ടിലുകൾ നിലവിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. 634ഗുണഭോക്താക്കളുടെ ജനറൽ ലിസ്റ്റും എസ്.സി. പദ്ധതിക്കായി 295 ഗുണഭോക്താക്കളുടെ ലിസ്റ്റും 20.12.17 ലെ ഭരണസമിതി (തീരുമാനം 18) അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് നിലവിലുണ്ടായിട്ടും 3/18 ൽ ലഭിച്ച കട്ടിലുകൾ 12/2019 വരെയും പൂർണ്ണമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് അന്വേഷണം നമ്പർ - 7/24.12.19 ന് മറുപടി ലഭ്യമാക്കിയില്ല

ഓഡിറ്റ് നിർദേശങ്ങൾ

1.ആവശ്യകത കൃത്യമായി നിർണ്ണയിച്ചശേഷം പദ്ധതി രൂപീകരിക്കേണ്ടതാണ്.

2.ആവശ്യകത അനുസരിച്ച് മാത്രം വാങ്ങലുകൾ നടത്തേണ്ടതും പദ്ധതി ഫണ്ട് ചെലവഴിച്ച് നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

3.വാങ്ങിയ കട്ടിലുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 എസ്.സി.യു.പി.വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങി നൽകൽ- അപാകതകൾ

പ്രൊജക്ട് – എസ്.സി.യു.പി.വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങി നൽകൽ

പ്രൊജക്ട് നം. - 20/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 950000 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് – 453396

ബിൽ നമ്പർ- 15/31.7.18

ഗ്രാമപഞ്ചായത്തിലെ യു.പി. വിഭാഗത്തിലെ 149 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങി നൽകുന്നതിനുള്ള പദ്ധതിയ്ക്കായി 20.2.18 ന് ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

മേശ – 3/4 ഇഞ്ച് എം.ഡി.എഫ് ലാമിനേഷൻടോപ്പ് നീളം 4 ഫീറ്റ്, ഉയരം 2.5 ഫീറ്റ് ഒരു വശത്ത് ഡ്രോ, കബോർഡ്

മേശ- 3/4 ഇഞ്ച് നോവാപാൻ ടോപ്പ്, നീളം 4 ഫീറ്റ്, വീതി 2 ഫീറ്റ് ഉയരം 2.5 ഫീറ്റ് ഒരു വശത്ത് ഡ്രോ, കബോർഡ്

കസേര – ഫൈബർ (പ്ലാസ്റ്റിക് കൈ ഉള്ളത്, ഐ.എസ്.ഐ മാർക്ക് ഉള്ളത് )

ലഭ്യമായ ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| സ്ഥാപനം | Table - MDF | Table - Novapan | Chair |
|---|---|---|---|
| ലിയോ സ്റ്റീൽ ഇൻഡസ്ട്രീസ് | 2589 | 2519 | 454 |
| ആർട്കോ | 6878 | 1878 | 525 |
| കെ.എസ്.ഐ.ഇ | 2800 | 2750 | 450 |
| കോസ്റ്റൽ | 2970 | 2970 | 480 |

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10)വ്യവസ്ഥകൾ പ്രകാരം ആവശ്യകത കൃത്യമായി നിർണ്ണയിച്ചശേഷം ടെണ്ടർ നോട്ടീസിൽ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് തിരഞ്ഞെടുക്കേണ്ടതും നിരസിക്കുന്നവയ്ക്ക് കൃത്യമായ കാരണം രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ടെണ്ടർ നോട്ടീസിൽ മേശയ്ക്ക് രണ്ടു തരം സ്പെസിഫിക്കേഷനാണ് (എം.ഡി.എഫ് & നോവാപാൻ) രേഖപ്പെടുത്തിയത്. കൂടാതെ ഏറ്റവും കുറഞ്ഞ നിരക്ക് ആർട്കോ സമർപ്പിച്ച നോവാപാൻ ടേബിളിന്റെ നിരക്കായ 1878 രൂപയാണ്. പ്രത്യേക കാരണങ്ങളൊന്നും രേഖപ്പെടുത്താതെ കുറഞ്ഞ നിരക്കിലുള്ള നോവാപാൻ ടേബിൾ ഒഴിവാക്കി ലിയോ ഇൻഡസ്ട്രീസിന്റെ നിരക്ക് (ടേബിൾ - 2589 & ചെയർ 454 ) 27.2.18 ലെ 4ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2017-18 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങലുകൾ പരിശോധിച്ചതായി കാണുന്നില്ല (മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല).
ഉയർന്ന നിരക്കിലുള്ള ടേബിൾ വാങ്ങിയതിനാൽ 105939/-രൂപ [(2589 – 1878) x 149] ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്.

ജി.ഒ(എം.എസ്) 183/17/23.5.17 -ഖണ്ഡിക 11.8 പ്രകാരം മരം, സ്റ്റീൽ കൊണ്ട് നിർമ്മിച്ച മേശ, കസേര എന്നിവയാണ് നൽകാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് ചെയറാണ് വാങ്ങി നൽകിയത്.

അഗീകരിച്ച പ്രൊജക്ട് പ്രകാരം യു.പി.വിദ്യാർത്ഥികൾക്കാണ് മേശ,കസേര എന്നിവ അനുവദിക്കേണ്ടത്. 5,6,7 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ലിസ്റ്റാണ് നിർവഹണഉദ്യോഗസ്ഥൻ സ്കൂളുകളിൽ നിന്നും ആവശ്യപ്പെട്ടത്. എന്നാൽ 6,7,8 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് മേശയും കസേരയും വിതരണം ചെയ്തത്.

ഓഡിറ്റ് എൻക്വയറിക്ക്- 13/26.12.19 – മറുപടിയായി എം.ഡി.എഫ് ടേബിളാണ് നല്ലത് എന്നതിനാലാണ് ഉയർന്ന നിരക്ക് നൽകി പ്രസ്തുത ടേബിൾ വാങ്ങിയത് എന്നും പ്ലാസ്റ്റിക് ചെയറാണ് കുട്ടികൾക്ക് നല്ലത് എന്നതിനാലാണ് പ്ലാസ്റ്റിക് ചെയർ വാങ്ങി നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. പ്രാക്യൂർമെന്റ് മാർനിർദേശങ്ങൾ പാലിക്കാതെ ഉയർന്ന നിരക്കിൽ മേശ വാങ്ങിയതും പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമായ മരം, സ്റ്റീൽ എന്നിവ ഒഴിവാക്കി പ്ലാസ്റ്റിക് ചെയർ നൽകിയതും ക്രമപ്രകാരമല്ല.

ഓഡിറ്റ് നിർദേശങ്ങൾ

1.ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ഇനങ്ങൾ പദ്ധതി / സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായയമാണ് എന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

2. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10)വ്യവസ്ഥകൾ പ്രകാരം ആവശ്യകത കൃത്യമായി നിർണ്ണയിച്ചശേഷം ടെണ്ടർ നോട്ടീസിൽ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് തിരഞ്ഞെടുക്കേണ്ടതുമാണ്.

3. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

4. പ്രൊജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ (യു.പി.വിദ്യാർത്ഥി) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 ഗ്യാസ് ക്രിമറ്റോറിയം- ബാലൻസ് തുക തിരിച്ചടക്കേണ്ടതാണ്

പദ്ധതി -ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ (209/19)

നിർവഹണം - സെക്രട്ടറി

| 2018-19 വർഷം | സി.എഫ്.സി | ബ്ലോക്ക് വിഹിതം | ആകെ |
|---|---|---|---|
| അടങ്കൽ | 280,000 | 2000000 | 2280000 |
| ചെലവ് | 280,000 | 1974877 | 2254877 |

5700000 രൂപ എസ്റ്റിമേറ്റുള്ള പദ്ധതി കോസ്റ്റ് ഫോർഡ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. 5-12-17 ന് 8/17-18 നമ്പരായി കരാർ ഒപ്പുവച്ച പദ്ധതിക്കായി 2018-19 വർഷം താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

ബിൽ നമ്പർ -3/30.5.18-280000

വൗച്ചർ നമ്പർ - 21800141/28.5.18 -860000/-

– 21800517/29.9.18 -700000/-

– 21800518/29.9.18 – 414877/-

പദ്ധതിയുടെ ചെലവ് രേഖകൾ - ഫൈനൽ ബിൽ, അളവ് പുസ്തകം തുടങ്ങിയവ – പരിശോധിച്ചതിൽ ആകെ 5674877 രൂപ പദ്ധതിക്കായി ചെലവഴിച്ചതായി കാണുന്നു. ബ്ലോക്ക് വിഹിതമായി ലഭിച്ച 20,00,000/- രൂപയിൽ 25123/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ബ്ലോക്ക് വിഹിതം ചെലവ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തതിനാൽ ബാലൻസ് ഷീറ്റിൽ 440000 രൂപ നീക്കിയിരുപ്പുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് 12/24.12.19 മറുപടിയായി അപാകത പരിഹരിച്ച് 2019-20 ൽ കണക്ക് ക്രമീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന 25123രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും വാർഷികകണക്കിലെ അപാകത പരിഹരിക്കുകയും ചെയ്തശേഷം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-33 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന് പ്രിന്റർ വാങ്ങിയത് ക്രമപ്രകാരമല്ല

പ്രൊജക്ട് - കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ പ്രിന്റർ - (237/19)

അടങ്കൽ - 180000(MGNR)

ചെലവ് - ബിൽ 44/26.2.19 – 134649

പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 3 ഡെസ്ക്ടോപ്പുകളും 5 പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്. ഡെസ്ക്ടോപ്പും 4 പ്രിന്ററുകളും കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ ഒരു പ്രിന്റർ ഗ്രാമപഞ്ചായത്തിലാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കായി വാങ്ങിയ പ്രിന്റർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല. പദ്ധതി പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ ആവശ്യകത അടിസ്ഥാനമാക്കി കൃത്യമായ എണ്ണം മാത്രം വാങ്ങേണ്ടതും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രൊജക്റ്റുകൾ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്. പദ്ധതി പ്രകാരം വാങ്ങിയ -ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുവരുന്ന- പ്രിന്റർ കൈമാറികിട്ടിയ സ്ഥാപനത്തിന് നൽകി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-34 പെൻഷൻ കോൺട്രിബ്യൂഷൻ

## ഒടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ.(പി) നം.7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ജി.ഒ.(പി) നം. 146/2018 ഫിൻ തീയതി.16.09.2018 ഉത്തരവ് പ്രകാരം IV-ാം ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 3 ഗഡു പി.എഫിലേക്കും IV-ാം ഗഡു ശമ്പള കുടിശ്ശിക പണമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/ തീയതി | തുക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 3 | 321800049/13.4.18 | 95304 | 8 |
| 3 | 21800050/13.4.18 | 145518 | 9 |
| 4 | 21800558/10.10.2018 | 199367 | 17 |
| 4 | 21800559/10.10.18 | 22540 | 4 |
| 4 | 21800592/17.10.18 | 18438 | സെക്രട്ടറി |
| | ആകെ | 481167 | |

മേൽ ഉത്തരവ് നം 1 ലെ ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ജീവനക്കാർക്ക് IV-ാം ഗഡു പണമായി അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/24.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 കേന്ദ്ര ഫണ്ടുകൾ ചെലവഴിച്ചിട്ടില്ല

2018-19 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം താഴെ പറയുന്ന കേന്ദ്രഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഫണ്ട് | തുക |
|---|---|
| ശുചിത്വമിഷൻ (മഴക്കാലപൂർവ്വശുചീകരണം 160000 രൂപ ഉൾപ്പെടെ) | 866786 |
| ശുചിത്വമിഷൻ- മാലിന്യസംസ്കരണം | 1200000 |
| അങ്കണവാടി പോഷകാഹാരം- ICDS | 1418058 |

ഓഡിറ്റ് എൻക്വയറിക്ക് ( 10/24.12.19-) മറുപടിയായി മാലിന്യസംസ്കരണത്തിനായി 2019-20 ൽ പ്രൊജക്ട് നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അങ്കണവാടി പോഷാകാഹാരവിഹിതമായി ലഭിച്ച തുകയും നടപ്പുവർഷം ചെലവഴിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

വാർഷികകണക്ക് B-4 പ്രകാരം 1006005 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 42990 രൂപ ജില്ലാപഞ്ചായത്ത് വിഹിതവും 31-3-19 ന് ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഇതിൽ 470652 രൂപയുടെ ബ്ലോക്ക് വിഹിതം 1.4.18 ന് മുൻപ് ലഭ്യമായതാണ്. തുക ചെലവഴിക്കാതിരുന്നതിന്റെയും സാമ്പത്തികവർഷാവസാനം ചെലവഴിക്കാത്ത തുക തിരിച്ചടക്കാത്തതിന്റെയും കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -10/24.12.19- ലഭ്യമായ മറുപടി താഴെ ചേർക്കുന്നു

1. ബ്ലോക്ക് വിഹിതമായ 1006005 രൂപയിൽ 470652 രൂപ ഹെഡ് മാറി ചെലവഴിച്ചതാണ്. ആയത് ക്രമീകരിക്കുന്നതാണ്. വനിതാഗ്രൂപ്പുകൾക്ക് ഭവനനിർമ്മാണസാമഗ്രികൾ നിർമ്മിക്കുന്നതിനായി ലഭിച്ച 500000 രൂപ തിരിച്ചടക്കുന്നതാണ്. ലൈഫ് പദ്ധതിക്ക് ലഭിച്ച 12121 രൂപ തിരിച്ചടക്കുന്നതാണ്. പാലിയേറ്റീവ് കെയറിന് ലഭിച്ച 23232 രൂപ നടപ്പുവർഷം ചെലവഴിക്കുന്നതാണ്.

2. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ അവശേഷിക്കുന്ന42990 രൂപയിൽ 25237 രൂപ ഹെഡ് മാറി ചെലവഴിച്ചതാണ്. ലൈഫ് പദ്ധതിക്ക് ലഭിച്ച 17753 രൂപ തിരിച്ചടക്കുന്നതാണ്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. സംയുക്തപദ്ധതികൾക്കായി ലഭ്യമാകുന്ന വിഹിതം സമയബന്ധിതമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ചെലവ് കൃത്യമായ ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

3. വാർഷികകണക്കിലെ അപാകതകൾ (ജോയിന്റ് വെൻച്വർ ചെലവ്- നീക്കിയിരുപ്പ് എന്നിവയിൽ) പരിഹരിക്കേണ്ടതാണ്.

4. സംയുക്തപ്രൊജക്ടുകൾക്ക് ലഭിയ്ക്കുന്ന തുകകൾ ചെലവഴിക്കുമ്പോൾ ജി.ഒ(പി)7/17/ഫിൻ/23.1.17 ലെ വ്യവസ്ഥകൾ
പാലിക്കേണ്ടതാണ്.

## 1-36 നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതനം നൽകി

ഗ്രാമപഞ്ചായത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ നിലവിലില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ദിവസവേതനം നൽകിയതായി കണ്ടെത്തി.ഗ്രാമപഞ്ചായത്തിൽ എൽ.എസ്.ജി.ഡി വിഭാഗത്തിൽ ക്ലറിക്കൽ തസ്തിക നിലവിലില്ല.എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യതിന് ശ്രീമതി.മനീഷദേവി.വി. എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

വൗച്ചർ -21800766/4.12.18- 12070/-

21800839/14.1.19 – 17040/-

21800954/6.2.19- 15620

21801046/8.3.19- 15620

എ. ഇ. ഓഫീസിൽ പ്രസ്തുത കാലയലവിൽ തസ്തിക ഒഴിവുണ്ടായിരുന്നോ എന്നതിന്റെ വിവരവും നിയമനം സംബന്ധിച്ച ഭരണസമിതി തീരുമാനവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് - 20/26.12.19 – മറുപടിയായി 26.11.18 ലെ ഭരണസമിതി തീരുമാനപ്രകാരമാണ് ദിവസവേതനം നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൽ എ.ഇ. ഓഫീസിലെ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് നിലവിൽ പഞ്ചായത്തിലുള്ള സ്റ്റാഫിന്റെ സേവനം വിട്ടുനൽകാൻ കഴിയില്ല എന്ന് സെക്രട്ടറി അറിയിച്ചതിനാൽ പദ്ധതി രൂപീകരണം, നിർവഹണം എന്നിവയ്ക്കായി 2 മാസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തുവാൻ ഭരണസമിതി തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ട് മാസത്തിലധികം - നവംബർ മുതൽ മാർച്ച് വരെ -തൻവർഷം വേതനം നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (പി)28/16/ധനം/26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. നിലവിലില്ലാത്ത തസ്തികകളിൽ, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചത് അംഗീകരിക്കാവുന്നതല്ല. സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കി നടപടിക്രമങ്ങൾ പാലിച്ച് മാത്രം ദിവസവേതനജീവനക്കാരെ നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 യമുന നഗർ മിനി കുടിവെള്ള പദ്ധതിയുടെ വെള്ളക്കരം -10 ലക്ഷം രൂപ

## കുടിശ്ശിക.

ഗ്രാമപഞ്ചായത്തിലെ യമുന നഗർ മിനി കുടിവെള്ള പദ്ധതിയുടെ ബൾക്ക് മീറ്റർ ചാർജായി 31.8.2019 വരെ 9, 22,716 രൂപ വാട്ടർ അതോരിറ്റിക്ക് നൽകുവാനുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് , കത്ത് എന്നിവ പ്രകാരം തുക ഉടൻ ഒടുക്കിയില്ലെങ്കിൽ R.R നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 12/2014 മുതൽ തുക ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

ബൾക്ക് മീറ്റർ അടിസ്ഥാനത്തിൽ ജലവിതരണത്തിനായി 6/2014 ൽ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സമിതിയുമായി കരാർ വെച്ചിട്ടില്ല. ഗുണഭോക്തൃസമിതി വീടുകളിൽ നിന്നും വാട്ടർ ചാർജ് ഈടാക്കി വരുന്നതായും പദ്ധതി ആരംഭിച്ചശേഷം നാളിതുവരെ വാട്ടർചാർജ് ഒടുക്കിയിട്ടില്ല എന്നുമാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകിയ ഡിമാന്റ് നോട്ടീസുകൾ ഗ്രാമപഞ്ചായത്ത് വീണ്ടും കുടിവെള്ളപദ്ധതിയുടെ സെക്രട്ടറി/പ്രസിഡന്റിന് അയച്ചിട്ടുണ്ടെങ്കിലും നിലവിൽ അവ സമിതി കൈപ്പറ്റാതെ തിരികെ ലഭിക്കുകയാണ് ചെയ്തിട്ടുള്ളത്. തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം 15.10.19 ന് വാട്ടർ അതോറിറ്റി ബൾക്ക് മീറ്റർ വിച്ഛേദിച്ചിട്ടുണ്ട്. എന്നാൽ തുക ഒടുക്കുന്നതിനുള്ള തുടർനടപടികളോ നിയമനടപടികളോ സ്വീകരിച്ചുകാണുന്നില്ല. 12/2014 മുതൽ തുക ഒടുക്കാതെ കുടിശ്ശികയായിട്ടും നിയമാനുസൃത നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിനാൽ, ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ളപദ്ധതിയുടെ വെള്ളക്കരമിനത്തിൽ 10 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമാകുന്നത് അംഗീകരിക്കാവുന്നതല്ല. ഗുണഭോക്തൃസമിതി മുഖേന അടിയന്തിരമായി വെള്ളക്കരം ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതിയുമായി നിയമാനുസൃതം കരാർ വെച്ച ശേഷം മാത്രം പദ്ധതി സമിതിയ്ക്ക് കൈമാറേണ്ടതായിരുന്നു. കരാർ വെക്കാതെ പദ്ധതി കൈമാറിയതും ക്രമപ്രകാരമല്ല.

# 1-38 തെരുവ് വിളക്കുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 1763443/-രൂപ കെ.എസ്.ഇ.ബി തത്തമംഗലം, വണ്ടിത്താവളം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ അടവാക്കിയിട്ടുണ്ട്. ഇതിൽ മീറ്റർ അടിസ്ഥാനത്തിലും അല്ലാതെയും ചാർജ് കണക്കാക്കുന്ന തെരുവ് വിളക്കുകളുണ്ട്.

എ) മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവുവിളക്കുകളുടെ വിവരം

മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 38258 /-രൂപ (25266+12992) വീതം ഒടുക്കുന്നുണ്ട്.എന്നാൽ പ്രസ്തുത തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല

ബി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി തൻവർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം./ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 86/19 തെരുവു വിളക്ക് പരിപാലനം<br>(കരാറുകാരൻ - ശ്രീ.വിജയകുമാർ) | 490000<br>399456 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത് ഫണ്ട്. |

കരാറുകാരൻ സമർപ്പിച്ച ബിൽ, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം എന്നിവ അടിസ്ഥാനമാക്കിയാണ് തുക നൽകുന്നത്. എന്നാൽ തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള അടിസ്ഥാനവിവരം(ഇനം , Watt Etc) ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ബോർഡും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്തപരിശോധന നടത്തിയതായും കാണുന്നില്ല.

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

താരതമ്യേന ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ഫ്ലൂറസന്റ് ലാമ്പുകളും ഒഴിവാക്കി സോളാർ പാനലുകൾ,എൽ.ഇ.ഡി ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കാവുന്നതാണ്. എൽ.ഇ.ഡി ലാമ്പുകളുടെ ശരാശരി ആയുസ്സ് കൂടുതൽ ആയതിനാൽ അവ കൂടുതൽ കാലം നിലനിൽക്കുന്നതാണ്. ഇപ്രകാരം വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. എല്ലാ തെരുവു വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്ക് ആവശ്യകത വിലയിരുത്തി മാത്രം എ.എം.സി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്യാരന്റി/ വാരന്റി കാലയളവിലുള്ള വിളക്കുകൾ എ.എം.സിയിൽ ഉൾപ്പെടുത്താതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

4.എല്ലാ തെരുവ് വിളക്കുകളും മീറ്റർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 11-07-2019 & 12-07-2019 | KSAPKD21/997/2019(57)/26. 8.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2000000 | 209/19-ഗ്യാസ് ക്രിമറ്റോറിയം | 1560000 | 440000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 470652 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ചതുകയാണ്. വിശദവിവരം ലഭ്യമായില്ല | 0 | 470652 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1212121 | 106/19ലൈഫ് ജനറൽ | 1200000 | 12121 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2398000 | 14/19-ഉഴവുകൂലി | 2398000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 114/19-പാലിയേറ്റീവ് കെയർ | 176768 | 23232 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 125000 | 8/19-ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | 240/19-ഭവന നിർമ്മാണത്തിന് സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റ് | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 25237 | ഉഴവുകൂലി | 0 | 25237 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | 104/19-പാൽ സബ്സിഡി | 100000 | |
| | 2018-19 | 3404500 | 14/19-ഉഴവുകൂലി | 3404500 | |
| | 2018-19 | 1977753 | 106/19-ലൈഫ് (ജനറൽ) | 1960000 | 17753 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | തെക്കേക്കാട് കുടിവെള്ള പദ്ധതി (226/19) | 22/29.10.18 | 96000 | വിവരം ലഭ്യമല്ല | |
| വാട്ടർ അതോറിറ്റി | കിഴക്കേകുളം കുടിവെള്ള പദ്ധതി (91/19) | 36/18.1.19 – 267000<br>47/26.2.19 – 243000 | 510000 | “ | |
| വൈദ്യുതി ബോർഡ് | ലൈൻ എക്സ്റ്റൻഷൻ (5/19) | 40/18.1.19 | 341278 | 341278 | 0 |

226/19, 91/19 എന്നീ പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 39520000/- രൂപ വരവുണ്ട്. 394000007/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക. |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ – ലൈഫ് പദ്ധതി | 2018-19 | 39520000 | 0 | 0 | 0 | 39520000 |
| ഇ.എം.എസ് ലോൺ | സ.ഉ (ആർടി) നം. | 10773250 | 1025625 | 1025625 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 799/ 2010/ തസ്വഭവ<br>തി.9-3-2010 | | | | | |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹.162150/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 2400 | ഡോ.വിനീത,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. | 118050100298/ 24.4.2018 |
| 2017-18 | ഓഡിറ്റ് എൻക്വയറി നം. 18 | 266 | -- | 99642100008/ 8.10.2018 |
| 2016-17 | 3-16 | 9994 | അസി.എഞ്ചിനീയർ | 118050102550/ 29.10.2018 |
| 2016-17 | 3-17 | 13389 | അസി.എഞ്ചിനീയർ (രാധാകൃഷ്ണൻ, കരാറുകാരൻ) | 118050102876/ 19.11.2018 |
| 2017-18 | 3-7 | 19581 | അസി.എഞ്ചിനീയർ | 118050500020/ 19.2.2019 |
| 2016-17 | 3-5 | 16520 | സെക്രട്ടറി | 118050105190/ 28.2.2019 |
| 2013-14&<br>2014-15 | 3-4 | 100000 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 118100900084/ 30.3.19 |
| ആകെ | | 162150 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹.125446464.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹.120137840.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഒന്നുമില്ല.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/597/99/24-9-1999 | 8 |
| 1997-98 | എൽ.എഫ്.പി12/244/03/2-4-2003 | 5 |
| 1998-99 | എൽ.എഫ്.പി12/414/02/1-10-2002 | 8 |
| 1999-2000 | എൽ.എഫ്.പി11/1557/09/6-9-2010 | 11 |
| 2000-2001 | എൽ.എഫ്.പി11/1247/08/ 19-2-2009 | 6 |
| 2001-02 | എൽ.എഫ്.പി11/1542/09/ 13-4-2010 | 4 |
| 2002-03 | എൽ.എഫ്.പി11/79/09/11-2-2009 | 5 |
| 2003-04 | എൽ.എഫ്.പി11/948/08/ 22-10-2009 | 12 |
| 2004-05 | എൽ.എഫ്.പി11/1371/11/ 20-9-2011 | 19 |
| 2005-06 | എൽ.എഫ്.പി19/595/15/11-6-15 | 11 |
| 2006-07 | എൽ.എഫ്.പി11/1332/ spl.cell/C.Sc/D3/12/ 1-1-13 | 2 |
| 2007-08 | എൽ.എഫ്.പി11/375/12/ 10.4.12 | 1 |
| 2008-09 | എൽ.എഫ്.പി11/1979/11/ /16-1-12 | 10 |
| 2009-10 & | കെ.എസ്.എ.പി.കെ.ഡി-19/328/16(2)/20.3.17 | 11 |

| | | |
|---|---|---|
| 2010-11 | | |
| 2011-12 | കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17 | 19 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17 | 26 |
| 2015-2016 | കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17 | 14 |
| 2017-2018 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 24 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-19-2119/2018/14-11-2018 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>annexure-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-
പി.കെ.ഡി-21/997/2019(57)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1) കാലാവധി കഴിഞ്ഞ ചെക്കുകൾ stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(57)

Kerala State Audit Department

District Audit Office, Palakkad

Dated: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of pattanchery Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of pattanchery Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract Defects/Discrepancies

1. Stale cheques were not accounted under the Head “ Stale cheques”.

2. Asset register not updated.

Deputy Director

# annexure-2 വിവിധ പത്രികകൾ

RECEIPT & PAYMENT

STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7560669.00 |
| Cash | Cash | RP-40(a) | 130828.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 979770.00 |
| 140000000 | Fees & User Charges | RP-4 | 2162848.00 |
| 150000000 | Sale & Hire Charges | RP-5 | 321019.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59294687.00 |
| 171000000 | Interest Earned | RP-9 | 285234.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13841866.00 |
| 350000000 | Other Liabilities | RP-36 | 52436.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 237085.00 |
| 312000000 | Reserves | RP-30 | 25000.00 |
| 330000000 | Secured Loans | RP-32 | 40143811.00 |
| 340000000 | Deposits Received | RP-34 | 154342.00 |
| 350000000 | Other Liabilities | RP-36 | 126930.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7156604.00 |
| 440000000 | Pre-paid Expenses | RP-45 | 16189.00 |
| 460000000 | Loans, Advances and Deposits | RP-47 | 648643.00 |
| | Grand total | | 133137961.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3398494.00 |
| 220000000 | Administrative Expenses | RP-12 | 1247187.00 |
| 230000000 | Operations & Maintenance | RP-13 | 2548041.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6320500.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15952900.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5420131.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 445009.00 |
| | | | |
| 254000000 | Expenditures of Transferred institutions and State | RP-19 | 2061360.00 |

| | | | |
|---|---|---|---|
| | Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 9545503.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 237964.00 |
| 280000000 | Prior Period item | RP-26 | 1413179.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13199191.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 5630363.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 866.00 |
| 280000000 | Prior Period Item | RP-26 | -47180.00 |
| 312000000 | Reserves | RP-30 | 25000.00 |
| 330000000 | Secured Loans | RP-32 | 1649436.00 |
| 340000000 | Deposits Received | RP-34 | 139953.00 |
| 350000000 | Other Liabilities | RP-36 | 1951596.00 |
| 410000000 | Fixed Assets | RP-38 | 7024179.00 |
| 412000000 | Capital work in Progress | RP-40 | 935033.00 |
| 440000000 | Pre-paid Expenses | RP-45 | 39416189.00 |
| 460000000 | Loans, Advances and Deposits | RP-47 | 1622946.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12961704.00 |
| Cash | Cash | RP-40(b) | 38417.00 |
| | Grand Total | | 133137961.00 |

| |
|---|
| INCOME&EXPENDITURE STATEMENT |
| For the period from 01-April-2018 to 31- |

| March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3039653.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 58284.00 |
| 140000000 | Fee & User Charges | I-4(b) | 2224305.00 |
| 150000000 | Sale & Hire Charges | I-5(b) | 327294.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 153429839.00 |
| 171000000 | Interest Earned | I-8 | 285234.00 |
| 180000000 | Other Income | I-9 | 237085.00 |
| | Total Income | | 159601694.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10472717.00 |
| 220000000 | Administrative Expenses | I-11(b) | 1238187.00 |
| 230000000 | Operations & Maintenance | I-12(b) | 3062479.00 |
| 240000000 | Interest & Finance Charges | I-13 | 866.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6320500.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62660303.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5420131.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 445009.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 53004760.00 |
| 255000000 | Maintenance Projects | I-14(e) | 9545503.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 237964.00 |
| 272000000 | Depreciation | I-17(a) | 74091.00 |
| | Total Expenditure | | 152482510.00 |
| | Gross Surplus/ Deficit of income over Expenditure | | 7119184.00 |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | 1350355.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5768829.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| BALANCESHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18524235.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 16743.00 |
| 312000000 | Reserves | B-3 | 75251041.00 |
| | Total Reserve & Surplus | | 93792019.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5002030.00 |
| | Total Grants, Contributions for Specific Purposes | | 5002030.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 39520000.00 |
| | Total Loans | | 39520000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 374208.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 617639.89 |
| | Total Current Liabilities and Provisions | | 991847.89 |
| | TOTAL LIABILITIES | | 139305897.24 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 84462532.00 |
| 411000000 | Accumulated Depreciation | B-11 | -74091.00 |
| 412000000 | Capital Work in Progress | B-11(a) | 341278.00 |
| | Total Fixed Assets | | 84729719.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 231196.24 |
| 440000000 | Pre-paid Expenses | B-16 | 39400000.00 |
| | | | |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 13000121.00 |
| 460000000 | Loans, Advances and Deposits | B-18 | 1944861.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 54576178.24 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 139305897.24 |